(ബി) ഇവിടെ വെറ്ററിനറി സർജന്മാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ 13 വെറ്ററിനറി ഡിസ്പെൻസറിയിൽ സർജന്മാരുടെ ഒഴിവുണ്ട്. വെറ്ററിനറി ആശുപത്രിയിൽ വെറ്ററിനറി സർജന്മാരുടെ ഒഴിവില്ല.

(ബി) വെറ്ററിനറി സർജന്മാരുടെ ഒഴിവുകൾ 22-1-2015-ന് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അത്യാവശ്യ സ്ഥാപനങ്ങളിൽ കരാറടിസ്ഥാനത്തിൽ വെറ്ററിനറി സർജന്മാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കാഞ്ഞങ്ങാട് വെറ്ററിനറി പോളിക്ലിനിക്

142 (2775) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് വെറ്ററിനറി പോളിക്ലിനിക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രവൃത്തിക്ക് എത്ര തുകയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്നും എന്നു പൂർത്തിയാകുമെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) കാഞ്ഞങ്ങാട് വെറ്ററിനറി പോളിക്ലിനിക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ബി) കാഞ്ഞങ്ങാട് വെറ്ററിനറി ഹോസ്പിറ്റൽ വെറ്ററിനറി പോളിക്ലിനിക്കായി ഉയർത്തുമ്പോൾ നിലവിലുള്ള സൗകര്യം പര്യാപ്തമാകുന്നതുകൊണ്ട് പുതിയ കെട്ടിടം ആവശ്യമില്ലാത്തതിനാൽ നിർമ്മാണ പ്രവർത്തിക്ക് ഫണ്ട് ആവശ്യമായി വരുന്നില്ല.

മൃഗാശുപത്രിയിൽ ഡോക്ടറെ നിയമിക്കാൻ നടപടി

143 (2776) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്തിലെ മൃഗാശുപത്രിയിൽ 2011-2015 കാലഘട്ടത്തിൽ ജോലി ചെയ്ത ഡോക്ടർമാരുടെ പേരും കാലയളവും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കാലഘട്ടത്തിൽ ഡോക്ടർമാർ ഇല്ലാതിരുന്ന കാലയളവ് വ്യക്തമാക്കാമോ ;

(സി) നിലവിൽ ഇവിടെ ഡോക്ടർ ജോലി ചെയ്യുന്നുണ്ടോ ;

(ഡി) 2011-2015 കാലഘട്ടത്തിൽ ഇവിടെ നിയമിച്ച ഡോക്ടർമാർ ഏതെല്ലാം കാലയളവിൽ അവധിയിൽ പ്രവേശിച്ചിരുന്നു ; വിശദാംശം നൽകുമോ ;

(ഇ) മൃഗാശുപത്രി നേരിടുന്ന് പ്രതിസന്ധി പരിഹരിക്കണമെന്നാവശ്യപ്പെട്ട് ഗ്രാമപഞ്ചായത്ത് കത്തോ അപേക്ഷയെ നൽകിയിരുന്നോ ; ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു ; വ്യക്തമാക്കാമോ ;

(എഫ്) മൃഗാശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത് ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ)

1. ഡോ. ഐ. എം. മുഹമ്മദ് മുഹ്സിൻ കോയ - 25-6-2009 മുതൽ 2-11-2012 വരെ.
2. ഡോ. സുനിൽകുമാർ. ആർ - 3-11-2012 മുതൽ 4-12-2012 വരെ
3. ഡോ. പി. സി. സുനിൽ കുമാർ, സീനിയർ വെറ്ററിനറി സർജൻ, ജില്ലാ വെറ്ററിനറി കേന്ദ്രം, ആലപ്പുഴ - 4-12-2012 മുതൽ 29-1-2013 വരെ (അധിക ചുമതല)
4. ഡോ. എ. എച്ച്. ഷജിൽ - 30-1-2013 മുതൽ 10-12-2013 വരെ
5. ഡോ. പി. സി. സുനിൽ കുമാർ, സീനിയർ വെറ്ററിനറി സർജൻ, ജില്ലാ വെറ്ററിനറി കേന്ദ്രം, ആലപ്പുഴ - 11-12-2013 മുതൽ 21-12-2014 വരെ (അധിക ചുമതല)
6. ഡോ. രേഖാ സാഗർ, വെറ്ററിനറി സർജൻ, വെറ്ററിനറി ഡിസ്പെൻസറി, പുന്നപ്ര നോർത്ത് -21-12-2014 മുതൽ 20-1-2015 വരെ (അധിക ചുമതല)
7. ഡോ. കെ. കെ. സന്തോഷ് കുമാർ - 20-1-2015 മുതൽ 31-3-2015 വരെ

LIBRARY ARCHIVES Kerala Legislative Assembly

8. ഡോ. പി. ബി. ജ്യോതിമോൻ, വെറ്ററിനറി സർജൻ, വെറ്ററിനറി ഡിസ്പെൻസറി, പൂറക്കാട് - 1-4-2015 മുതൽ 21-5-2015 വരെ (അധിക ചുമതല).

9. ഡോ. പി. പുഷ്പലത, സീനിയർ വെറ്ററിനറി സർജൻ, മൃഗാശുപത്രി, പുന്നപ്ര സൗത്ത് - 22-5-2015 മുതൽ 31-5-2015 വരെ (അധിക ചുമതല)

10. ഡോ. കെ. കെ. സന്തോഷ് കുമാർ - 1-6-2015 മുതൽ തുടരുന്നു.

(ബി) ഡോക്ടർമാർ ഇല്ലാതിരുന്ന കാലയളവ് ഉണ്ടായിട്ടില്ല. സ്ഥിരം നിയമനത്തിലെ സീനിയർ വെറ്ററിനറി സർജൻ ഇല്ലാതിരുന്ന സാഹചര്യത്തിൽ അധിക ചുമതല നിർവ്വഹിക്കുന്നതിന് ഉദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തിയിരുന്നു.

(സി) ഉണ്ട്.

(ഡി) ഡോ. കെ. കെ. സന്തോഷ് കുമാർ 1-4-2015 മുതൽ 31-5-2015 വരെ ടിയാൻ മെഡിക്കൽ ഗ്രൗണ്ടിൽ പരിവർത്തിത അവധിയെടുക്കുകയുണ്ടായി.

(ഇ) നൽകിയിരുന്നു. മൃഗാശുപത്രിയിൽ ഡോക്ടർ ഇല്ലാതിരുന്ന സമയങ്ങളിൽ അധിക ചുമതല നിർവ്വഹിക്കുന്നതിന് മറ്റ് ഉദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തിയിരുന്നു. 22-12-2014-ലെ ജി.ഒ. (ആർ‌റ്റി.) നമ്പർ 2271/14/എ.ഡി.നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സ്ഥിരമായി സീനിയർ വെറ്ററിനറി സർജനെ നിയമിക്കുകയും ചെയ്തു.

(എഫ്) അമ്പലപ്പുഴ മൃഗാശുപത്രി നിർമ്മാണത്തിന് വഴിസൗകര്യമുള്ള വസ്തു വേർതിരിച്ച് നൽകണമെന്ന് ആശുപത്രി വികസന സമിതി പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് മൃഗാശുപത്രി പണിയുന്നതിന് പ്ലാനും എസ്റ്റിമേറ്റും എടുക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് കത്ത് നൽകണമെന്ന് പഞ്ചായത്ത് പ്രസിഡന്റ് 28-4-2015-ൽ അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് അധികൃതർക്ക് കത്ത് നൽകിയിട്ടുണ്ട്.

സബ്ട്രഷറി നിർമ്മാണത്തിന് സ്ഥലലഭ്യത

144 (2777) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly